**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.446 | 5.02.2014 ൽ മറുപടിയ്ക്ക് |
|---|---|
| **ഐ.സി.ഡി.എസ് ന്റെ വികസനം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. റോഷി അഗസ്റ്റിൻ**<br>**ഡോ. എൻ. ജയരാജ്**<br>**ശ്രീ. എം. വി. ശ്രേയാംസ് കുമാർ**<br>**,, പി. സി. ജോർജ്** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) ഐ.സി.ഡി.എസ് (ICDS) -ന്റെ മൂന്നാംഘട്ട വികസനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;<br><br>(ബി) പ്രസ്തുത പ്രോജക്ടുകളിൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തിയവയുടെ വിശദാംശങ്ങൾ നൽകുമോ ; | (എ) & (ബി) ഐ.സി.ഡി.എസ് (ICDS) -ന്റെ മൂന്നാംഘട്ട വികസനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ അനുവദിച്ച 95 ഐ.സി.ഡി.എസ് പ്രോജക്ടുകളുടെയും പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും അവയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും 31.7.2010 ലെ സ.ഉ(എം.എസ്) 46/2010/സാക്ഷേവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവദിച്ച 871 അംഗൻവാടി കേന്ദ്രങ്ങളിൽ സംസ്ഥാന സർക്കാർ നേരത്തെ അധികമായി അനുവദിച്ച 153 അംഗൻവാടികൾ കുറവ് ചെയ്ത് ബാക്കിയുള്ള 718 അംഗൻവാടി കേന്ദ്രങ്ങളും 129 മിനി അംഗൻവാടി കേന്ദ്രങ്ങളും പ്രവർത്തനം ആരംഭിക്കുന്നതിന് 17.8.2010 ലെ സ.ഉ(എം.എസ്) 56/2010/സാക്ഷേവ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 15.12.2010 ലെ സ.ഉ(എം.എസ്) 96/2010/സാക്ഷേവ പ്രകാരം ഐ.സി.ഡി.എസ് പ്രോജക്ടുകൾ പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 95 ഐസിഡിഎസ് പ്രോജക്ടുകളും 997 അംഗൻവാടി കേന്ദ്രങ്ങളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കി മൂന്നെണ്ണം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) പ്രസ്തുത പ്രോജക്ടുകളിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച അസിസ്റ്റന്റ്/സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്കു പകരം പ്രോജക്ട് മാനേജർ/സീനിയർ സൂപ്രണ്ട് തസ്തിക അനുവദിച്ച് പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) അസിസ്റ്റന്റ്/സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്കു പകരം പ്രോജക്ട് മാനേജർ തസ്തിക അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ